**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനം നേരിടുന്ന സാമ്പത്തിക അസന്തുലിതാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം നേരിടുന്ന സാമ്പത്തിക അസന്തുലിതാവസ്ഥ സംബന്ധിച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന തരത്തിൽ വാർത്തകൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.<br><br>കേരളം മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർദ്ധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനു ലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ച്ചവെച്ച സംസ്ഥാനം.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് കണക്കുകൾ പ്രകാരം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം തനതു വിലയിൽ 12.24 ശതമാനവും സ്ഥിര വിലയിൽ 6.92 ശതമാനവും വളർച്ചയാണ് കൈവരിച്ചത്.<br><br>അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.<br><br>**(ശതമാനത്തിൽ)** |

| ധന സൂചകങ്ങൾ | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br><br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് |
|---|---|---|

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം)</td></tr>
<tr><td>ധനകമ്മി/<br>ജി.എസ്. ഡി.പി</td><td>3.5</td><td>2.81</td></tr>
<tr><td>കടബാധ്യത/<br>ജി.എസ്.ഡി.പി</td><td>33.70</td><td>33.09</td></tr>
</table>
ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മി ആയി തുടരുന്നതിന് ഹേതുവാകുന്നത്.
</td>
</tr>
<tr>
<td>(ബി)</td>
<td>കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതിലൂടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td>
<td>(ബി)</td>
<td>2017 ഓഗസ്റ്റിന് മുൻപ് പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തി കുറവ് ചെയ്തിരുന്നില്ല. എന്നാൽ 2017-18 മുതൽ 2022-23 കാലയളവിൽ മാത്രം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടി 91,269.24 കോടി രൂപയുടെ കുറവ് വരുത്തുകയുണ്ടായി. സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്ത് 2021-22 മുതൽ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തുകയാണ് മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ് ചൂണ്ടിക്കാട്ടിയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തികൊണ്ടിരിക്കുയാണ്.</td>
</tr>
<tr>
<td>(സി)</td>
<td>സംസ്ഥാന സർക്കാരിനെതിരെയുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കടന്നാക്രമണം ചോദ്യം ചെയ്ത് സുപ്രീംകോടതിയിൽ നൽകിയിട്ടുള്ള ഹർജി ഭരണഘടനാ ബഞ്ചിന് റഫർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ